## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 629. 30.06.2016 -ലെ മറുപടിക്ക്.

## തൊഴിൽ വകുപ്പിനുകീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റെയും പേരും ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് ഓരോ ബോർഡിൽ നിന്നും നൽകിവരുന്നതെന്നും പ്രത്യേകം വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) കേന്ദ്രനിയമം നടപ്പിലാക്കിയിട്ടുള്ള ഏതെല്ലാം ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്.<br>കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്ര നിയമപ്രകാരം 02.02.2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ.24/2016/തൊഴിൽ നിലവിൽ വന്നിട്ടുണ്ട്. |
| (സി) ഓരോ ബോർഡിന്റെയും പേർക്ക് വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) വിശദവിവരങ്ങൾ അനുബന്ധം -2 ൽ ചേർക്കുന്നു. |

(ഡി) ക്ഷേമ ബോർഡുകളിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവഎതെല്ലാമെന്ന് വിശദീകരിക്കാമോ?

(ഡി)ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

1. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 03/2014 മുതൽ സ്കാറ്റേർഡ് വിഭാഗത്തിൽ പെൻഷൻ കുടിശ്ശികയുണ്ട്.
2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര ധനസഹായം, അധിവർഷ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയിൽ ആകെ 251.69 കോടി രൂപ കുടിശ്ശികയുണ്ട്.
3. കേരള ബാർബർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിൽ 07/2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.
4. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നവംബർ 2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.
5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ഡിസംബർ 2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.
6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ . 2015 ആഗസ്റ്റ് മാസം മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.
7. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 07/2015 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**